**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349** **01-07-2024 - ൽ മറുപടിയ്ക്ക്**

**ടാക്സ് റിസർച്ച് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ജി.എസ്.ടി. വരുമാനം നേടിയെടുക്കാനും പ്രസ്തുത നികുതി പിരിവ് കാര്യക്ഷമമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംയോജിത ചരക്കു സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണുകളിൽ സംസ്ഥാന നികുതി (State Tax) ഒടുക്കുന്നതിനായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക ഐ.ജി.എസ്.ടി. പൂളിൽ നിന്നും സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരമാണ് ഇത് നടക്കുന്നത്. ഓരോ അന്തർസംസ്ഥാന സപ്ലൈകളും നൽകുന്ന നികുതിദായകർ, അവർക്ക് രജിസ്ട്രേഷൻ ഉള്ള സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് ഐ.ജി.എസ്.ടി. നികുതി അടയ്ക്കുകയും, പ്രസ്തുത സാധനം/സേവനം സ്വീകരിക്കുന്ന സംസ്ഥാനത്തെ നികുതിദായകർ റിട്ടേൺ ഫയൽ ചെയ്ത് ഐ.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയോ പ്രസ്തുത ഐ.ജി.എസ്.ടി. ക്രെഡിറ്റ്, നികുതി ബാധകമായ സാധനങ്ങളുടെ/സേവനങ്ങളുടെ വിൽപ്പനയ്ക്ക് അല്ല ഉപയോഗിച്ചിട്ടുള്ളത് എന്നോ ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്കല്ല ഉപയോഗിച്ചത് എന്നോ ഫയൽ ചെയ്യപ്പെടുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തി ഐ.ജി.എസ്.ടി. ക്രെഡിറ്റ് റിവേഴ്സൽ നടത്തുമ്പോൾ പ്രസ്തുത ഐ.ജി.എസ്.ടി. തുക ഉപഭോക്തൃ സംസ്ഥാനത്തിലേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | 2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസ്, ടാക്സ് പെയേഴ്സ് സർവീസസ് വിഭാഗങ്ങൾ നിരീക്ഷിച്ചു വരുന്നു. ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മെയ് മാസം IGST ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർസംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട IGST വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചു വരുന്നു. കൂടാതെ ഇതിന്റെ ഭാഗമായി E-Commerce Operators വഴി ലഭിക്കേണ്ട വരുമാനത്തിലെ ചോർച്ചകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനായി ജി.എസ്.ടി. കൗൺസിൽ മുൻപാകെ പരിഹാര നടപടികൾ സമർപ്പിക്കുകയും ചെയ്തു. അതിന്മേൽ 53-ാമത് ജി.എസ്.ടി. കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും കേരളത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് ബന്ധപ്പെട്ട റിട്ടേൺ ഫോമുകളിൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.<br><br>കൂടാതെ, ഇതര സംസ്ഥാന Contractorമാർ വഴിയുണ്ടാകുന്ന വരുമാന ചോർച്ചയെക്കുറിച്ച് പഠനം നടത്തുകയും അതുവഴിയുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിലേക്കായി NHAI, PWD തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങൾ ടാക്സ് റിസർച്ച് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഐ.ജി.എസ്.ടി. വരുമാനം വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ സമാനമായ രീതിയിൽ ടാക്സ് റിസർച്ച് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഐ.ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് പരിശോധിക്കുവാൻ ഒരു സെൽ 2021 ൽ തന്നെ രൂപീകരിച്ചിരുന്നു. 2023-ൽ വകുപ്പിന്റെ പുന:സംഘടനയെ തുടർന്ന് സംസ്ഥാന ജി.എസ്.ടി. സ്പെഷ്യൽ കമ്മീഷണറുടെ കീഴിൽ Tax Research and Policy Division എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന വരുമാന മേഖലകളിൽ നികുതി നഷ്ടത്തിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിന് മുൻഗണന നൽകിക്കൊണ്ടാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന ഐ.ജി.എസ്.ടി. വരുമാനത്തെക്കുറിച്ച് പഠിക്കുന്നതിനാണ് പ്രാഥമിക പരിഗണന |

| | | | |
|---|---|---|---|
| | | | നൽകിയിരിക്കുന്നത്. ഈ റിസർച്ച് വിങ്ങിന്റെ കണ്ടെത്തലുകളുടെ ഭാഗമായാണ് 53-ാമത് ജി.എസ്.ടി. കൗൺസിൽ മുൻപാകെ കേരളം ഉന്നയിച്ച ആവശ്യം പരിഗണിക്കാൻ കൗൺസിൽ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ